I/205462/2024

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. DME/5216/2023-B3 (3)** **തീയതി: 08-01-2024**

### സർക്കുലർ

വിഷയം : മെ.വി.വ - അക്കാദമിക്ക് - പാരാമെഡിക്കൽ - വിവിധ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സ് വാർഷിക പരീക്ഷകൾ എഴുതുന്നതിനുള്ള ഹാജർ നില, ഇന്റേർൺഷിപ് /പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ പൂർത്തിയാക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു .

വിവിധ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സിന്റെ ഒന്നാം/രണ്ടാം വർഷ ക്ലാസ്സുകൾ ആരംഭിച്ചത് മുതൽ പരീക്ഷ നോട്ടിഫിക്കേഷൻ തീയതി വരെയുള്ള ആകെ ദിവസങ്ങളിൽ 80% ഹാജരുള്ളവർക്ക് വാർഷിക പരീക്ഷ എഴുതാവുന്നതാണ്.

പ്രസവാവധി, മറ്റു മെഡിക്കൽ അവധികൾ, മറ്റു അവധികൾ എന്നിവ മൂലം 80% ഹാജർ നേടാനാവാത്തവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാലും പരീക്ഷ എഴുതുവാനാവില്ല. എന്നാൽ മെറ്റേണിറ്റി, മെഡിക്കൽ സാഹചര്യങ്ങളിൽ അനുവദനീയമായ അവധി എടുത്തവർക്ക് 75% നും 79% നും ഇടയിൽ ഹാജർ ഉണ്ടെങ്കിൽ അവശേഷിക്കുന്ന ഹാജറിന് ആനുപാതികമായി അവധി അനുവദിച്ചു കൊണ്ടുള്ള ഉത്തരവുണ്ടെങ്കിൽ ആയതു പരീക്ഷ അപേക്ഷയോടൊപ്പം ഹാജരാക്കി അനുമതി വാങ്ങി പരീക്ഷ എഴുതാവുന്നതാണ് .

കോഴ്സിന്റെ ഭാഗമായുള്ള ഇന്റേർൺഷിപ് /പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ പൂർത്തിയായിട്ടില്ലെങ്കിൽ പരീക്ഷ കഴിഞ്ഞു പൂർത്തിയാക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർക്കു വേണ്ടി

Signed by
Anita Balan
Date: 08-01-2024 16:33:52

ANITA BALAN
JOINT DIRECTOR (GENERAL)

പകർപ്പ്: .പ്രിൻസിപ്പൽ
എല്ലാ ഗവ: മെഡിക്കൽ കോളേജ്/ ഗവ. ദന്തൽ കോളേജ്
എല്ലാ സ്വാശ്രയ സെൽഫ് ഫിനാൻസിംഗ് കോളേജ്